ഇ.എ. I/2/75/2018 തീയ്യതി : 14/12/2018

# <u>പത്രക്കുറിപ്പ്</u>

2018 അഡ്മിഷൻ സി.ബി.സി.എസ് വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷയും, 2013, 2014, 2015 & 2016 അഡ്മിഷൻ സി.ബി.സി.എസ്.എസ് വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ റീഅപ്പിയറൻസ് പരീക്ഷകളും നേരത്തേ പ്രഖ്യാപിച്ച ടൈംടേബിൾ പ്രകാരം തന്നെ 17.12.2018 ൽ ആരംഭിക്കും. എന്നാൽ 2017 അഡ്മിഷൻ സി.ബി.സി.എസ് വിദ്യാർത്ഥികളുടെ മാത്രം റീഅപ്പിയറൻസ് പരീക്ഷകൾ 2019 ജനുവരി 3–ാം തീയതി മുതൽ പ്രത്യേക പരീക്ഷയായി നടത്തുന്നതായിരിക്കും. വിശദമായ ടൈംടേബിൾ പിന്നാലെ അറിയിക്കുന്നതാണ്.

2017 അഡ്മിഷൻ സി.ബി.സി.എസ് വിദ്യാർത്ഥികളുടെ റീഅപ്പിയറൻസ് പരീക്ഷകൾക്കുള്ള ഫീസ് ഓൺലൈനായി കോളേജിൽ നിന്നും അടക്കേണ്ടതാണ്. എന്നാൽ ചില വിദ്യാർത്ഥികൾ സ്വന്തം നിലയിൽ ഫീസ് അടച്ച് അപേക്ഷ കോളേജിൽ എത്തിച്ചെങ്കിലും രജിസ്ട്രേഷൻ സാധ്യമായിട്ടില്ല. പ്രസ്തുത വിദ്യാർത്ഥികൾ ഫീസ് അടച്ച രസീതുകൾ അതാതു പ്രിൻസിപ്പൽമാർ മുഖേന സർവ്വകലാശാലയിൽ തിങ്കളാഴ്ച വൈകുന്നേരം 04.00 മണിക്കു മുൻപായി എത്തിക്കേണ്ടതാണ്. പരിശോധയ്ക്കുശേഷം അടച്ച പണം തിരികെ കൊടുക്കുന്നതാണ്. ഫീസ് ഓൺലൈനായി തന്നെ അടച്ച് രജിസ്ട്രേഷൻ നടത്തേണ്ടതുമാണ്. അതിനുശേഷം മാത്രമേ അവർക്കായുള്ള പോർട്ടൽ തുറന്നു നൽകുകയുള്ളൂ. ഫീസ് അടയ്ക്കുന്നതിനുള്ള അവസാന തീയതി 22.12.2018 വൈകുന്നേരം 03.30 വരെയായിരിക്കും.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ I (പരീക്ഷാവിഭാഗം)
പരീക്ഷാ കൺട്രോളർക്കു വേണ്ടി